# ചരക്കു വാഹനം ആവശ്യമുണ്ട്

സപ്ലൈകോയുടെ പെരുമ്പാവൂർ ഡിപ്പോയിൽ നിന്ന് ഡിപ്പോപരിധിക്കകത്തുള്ള ഔട്ട്ലറ്റുകളിലേക്കു സാധനങ്ങൾ അയക്കുന്നതിന് 1ടൺ(1എണ്ണം), 3.5 ടൺ(2എണ്ണം), 6.5ടൺ (2എണ്ണം) വരെ കപ്പാസിറ്റിയുള്ള ചരക്ക് വാഹനങ്ങൾ കരാർ അടിസ്ഥാനത്തിൽ ആവശ്യമുണ്ട്. **5 വാഹനങ്ങളും ലഭ്യമാക്കുന്ന കരാറുകാരന് മുൻഗണനന.** കൂടുതൽ വിവരങ്ങൾക്ക് 08/07/2025 നു മുൻപ് പെരുമ്പാവൂർ ഡിപ്പോ മാനേജരുമായി ബന്ധപ്പെടുക.

Email id-0703901@supplycomail.com, supplycopbr@gmail.com

ഫോൺ : 0484-2523265

12.06.25

Signed by Sajeev Paul
Date: 12-06-2025 13:43:32

ഡിപ്പോ മാനേജർ

എ7.458/07 തീയതി.12.06.2025

# കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡ്

## ചരക്കു വാഹനം വാടകയ്ക്ക് ലഭ്യമാക്കുന്നതിനുള്ള ദർഘാസ്

കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻെറ പെരുമ്പാവൂർ ഡിപ്പോയിൽ നിന്നും വിവിധ വിൽപ്പന സ്റ്റോറുകളിലേയ്ക്ക് സാധനങ്ങൾ എത്തിക്കുന്നതിന് ഒരു വർഷക്കാലയളവിലേക്ക് 1 ടൺ (1 എണ്ണം), 3.5 ടൺ (2 എണ്ണം) ,6.5 ടൺ(2 എണ്ണം) വിഭാഗത്തിൽപ്പെടുന്ന 5 ചരക്കുവാഹനങ്ങളുടെ ഒരു ഫ്ലീറ്റ് നൽകുവാൻ സന്നദ്ധരായ വാഹന ഉടമകളിൽ നിന്നും ദർഘാസ് ക്ഷണിച്ചുകൊള്ളുന്നു. 5 വാഹനങ്ങളും ലഭ്യമാക്കുന്ന കരാറുകാരന് മുൻഗണന. ദർഘാസുകൾ സ്വീകരിക്കുന്ന അവസാന തീയതി 2025 ജൂലൈ മാസം 23-ാം തീയതി വൈകീട്ട് 3 മണി വരെയാണ്.

ദർഘാസിൽ സംബന്ധിക്കുന്നവർ സിവിൽ സപ്ലൈസ് കോർപ്പറേഷൻെറ പെരുമ്പാവൂർ ഡിപ്പോ ഓഫീസിൽ 10000/- രൂപ നിരതദ്രവ്യം ഒടുക്കേണ്ടതാണ്. ദർഘാസ് നടപടികൾ പൂർത്തിയാകുന്ന മുറക്ക് മേൽതുക തിരികെ നൽകുന്നതാണ്.

ദർഘാസ് ഉറപ്പിച്ചു കിട്ടുന്നവർ കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷനുമായി കരാർ ഉണ്ടാക്കേണ്ടതും 50000/ രൂപ സെക്യൂരിറ്റിയായി ഡിപ്പോയിൽ ഒടുക്കേണ്ടതുമാണ്. ദർഘാസുകൾ സമർപ്പിക്കുന്നവർ ലെറ്റർപാഡിൽ പൂർണമായ മേൽവിലാസവും മൊബൈൽ നമ്പറും കരാർ തുകയും എഴുതി നൽകേണ്ടതാണ്. കൂടാതെ RC ബുക്കിൻെറ പകർപ്പ്, ടാക്സ് അടച്ച റസീപ്റ്റ്, പെർമിറ്റ് ഇൻസുഷറൻസ് എന്നീ രേഖകളുടെ പകർപ്പ് കൂടി ഹാജരാക്കേണ്ടതാണ്.

## വാഹനത്തിൻെറ പ്രവൃത്തിസമയം:

തിങ്കളാഴ്ച മുതൽ ശനിയാഴ്ച വരെ രാവിലെ 9.00 മുതൽ വൈകിട്ട് 8.00 വരെ. എന്നാൽ ചില അടിയന്തിര സന്ദർഭങ്ങളിൽ മേൽപ്പറഞ്ഞ സമയത്തിന് മുൻപും ശേഷവും ഞായറാഴ്ചകളിലും വാഹനത്തിൻെറ സേവനം ലഭ്യമാക്കേണ്ടതാണ്. ടെൻഡർ ഉറപ്പിച്ചു കിട്ടുന്നയാൾ ബന്ധപ്പെട്ട ഓഫീസർ നിർദ്ദേശിക്കുന്ന സ്ഥലത്തും സമയത്തും വാഹനം ലഭ്യമാക്കേണ്ടതാണ്. ചില അത്യാവശ്യ ഘട്ടങ്ങളിൽ ജില്ലയിൽ നിന്നും പുറത്തേക്ക് യാത്ര പോകേണ്ടി വരികയും അതുപോലെ രാത്രി കാലങ്ങളിൽ ഏതെങ്കിലും സ്റ്റേഷനിൽ വാഹനം നിർത്തിയിടേണ്ടി വരാവുന്നതുമാണ്.

1. ഒരു മാസത്തിൽ ഏറ്റവും കുറഞ്ഞത് 800 കി.മി വരെ വാഹനം ഓടുന്നതിനുള്ള ആകെ തുക ദർഘാസിൽ കാണിച്ചിരിക്കണം. (800 കിലോ മീറ്ററിനു മൊത്തം റേറ്റ്) എന്നാൽ ഏതെങ്കിലും മാസത്തിൽ ഓടിയ ദൂരം 800 കിലോമീറ്ററിൽ കുറവായാൽ ബിൽ തുക ഓടിയ ദിവസങ്ങൾക്ക് ആനുപാതികമായി കുറക്കുന്നതാണ്. ടെണ്ടർ ഉറപ്പിച്ചു കിട്ടുന്നയാൾ ബന്ധപ്പെട്ട ഓഫീസർ നിർദ്ദേശിക്കുന്ന സ്ഥലത്തും സമയത്തും വാഹനം ലഭ്യമാക്കേണ്ടതാണ്.

2. ഡിപ്പോയിൽ നിന്ന് 20 കി. മീ വരെ(റിട്ടേൺ ഉൾപ്പടെ) ദൂരത്തിലുള്ള ഔട്ട്ലെറ്റുകളിലേക്കുള്ള മിനിമം തുക ടെൻഡറിൽ പ്രത്യേകമായി രേഖപ്പെടുത്തേണ്ടതാണ്.

3. ഒരു മാസത്തിൽ 800 കിലോമീറ്ററിൽ കൂടുതൽ വാഹനം ഉപയോഗിക്കുന്നുവെങ്കിൽ കൂടുതൽ വരുന്ന ഓരോ കി.മീറ്ററിനും നൽകേണ്ട തുക കാണിച്ചിരിക്കണം. (കിലോ മീറ്റർ റേറ്റ്)

4. ദർഘാസിൽ കാണിക്കുന്ന തുക ഡ്രൈവറുടെ വേതനം, ഇന്ധനചിലവ്, ടോൾ ഉൾപ്പെടെ വാഹനത്തിൻെറ എല്ലാ ചിലവുകളും ഉൾപ്പെടുന്നതായിരിക്കണം.

5. വാഹനത്തിൻെറ മിനിമം ടണ്ണേജ് തികയാതെ ലോഡ് കയറ്റിയിട്ടുണ്ടെങ്കിൽ ആനുപാതികമായി കിലോമീറ്ററിൽ കുറവ് ചെയ്യുന്നതാണ്. എന്നാൽ അനുവദനീയമായ ടണ്ണേജിൽ കൂടുതൽ കയറ്റുന്നതിന് കൂടൂതൽ തുക നൽകുന്നതല്ല.

6. ഡിപ്പോയിൽ നിന്നും കൊണ്ടുപോകുന്ന ഓരോ ലോഡിനും സ്റ്റോക്ക് കസ്റ്റോഡിയൻ മാർ ഒപ്പ്വെച്ച ബിൽ നിർബന്ധമായും കൊണ്ടുപോകേണ്ടതാണ്. തന്നെയുമല്ല ടി ബില്ലിലെ സാധനങ്ങൾ ഔട്ട്ലറ്റ് ഒഐസിമാർ കൈപ്പറ്റിയതായി സാക്ഷ്യപ്പെടൂത്തിയ ബില്ലുകൾ മാത്രമേ പേയ്മെൻറിന് പരിഗണിക്കുകയുള്ളൂ.

7. ടെൻഡർ കിട്ടുന്ന ആളുടെ പേരിൽ തന്നെയായിരിക്കണം ട്രാൻസ്പോർട്ടേഷൻ കരാർ എഴുതേണ്ടത്. ടി വ്യക്തിയുടെ അക്കൗണ്ടിലേക്കായിരിക്കും പേയ്മെൻറ് ക്രെഡിറ്റ് ചെയ്യപ്പെടുന്നത്.

8. വാഹനം ഓടുന്ന ദൂരം എന്നത് സപ്ലൈക്കോയുടെ ഡിപ്പോ/ഓഫീസിനും അതിൻെറ തന്നെ വിൽപ്പന കേന്ദ്രങ്ങൾക്കും ഇടയിലുള്ള ഡിപ്പോ മാനേജ്മെൻറ് കമ്മിറ്റി ട്രാൻസ്പോർട്ടേഷൻ അനുസരിച്ച് നിർണയിച്ചിട്ടുള്ള ദൂരമായിരിക്കും. വാഹനം പാർക്ക് ചെയ്യുന്ന സ്ഥലത്തു നിന്നോ വർക്ക്ഷോപ്പ് തുടങ്ങിയ കേന്ദ്രങ്ങളിൽ നിന്നോ സപ്ലൈകോയുടെ ഡിപ്പോയിലേക്കുള്ള ദൂരം വാഹനം ഉപയോഗപ്പെടുത്തുന്ന ദൂരമായി പരിഗണിക്കുന്നതല്ല.

9. ഡ്രൈവർ വാഹനത്തിൻെറ ഒരു ലോഗ് ബുക്ക് സൂക്ഷിക്കേണ്ടതും ഓരോ ദിവസവും ഡിപ്പോയിലെ ബന്ധപ്പെട്ട ഓഫീസറുടെ ഒപ്പ് ലോഗ്ബുക്കിൽ വാങ്ങിയിരിക്കേണ്ടതുമാണ്.

10. വാഹനം ദിവസേന കഴുകി വൃത്തിയാക്കി സൂക്ഷിക്കേണ്ടതും നല്ല പ്രവർത്തനക്ഷമത ഉള്ളതായിരിക്കേണ്ടതുമാണ്. കൂടാതെ ഭക്ഷ്യസാധനങ്ങൾ കയറ്റികൊണ്ടുപോകാൻ ആവശ്യമായ വൃത്തിയും സുരക്ഷിതത്വവും ഉണ്ടായിരിക്കണം.

11.കോൺട്രാക്റ്റ് കാലാവധിയായ ഒരു വർഷത്തിനുള്ളിൽ ഇന്ധനത്തിനോ, അറ്റകുറ്റപ്പണികൾക്കോ, വേതന വ്യവസ്ഥയിലോ മറ്റോ ഉണ്ടാകാനിടയുള്ള വില വ്യത്യാസങ്ങൾക്ക് കോർപ്പറേഷൻ ഉത്തരവാദിയായിരിക്കുന്നതല്ല.

12. വാഹനത്തിൻെറ ഡ്രൈവർക്ക് നിയമസാധുതയുള്ള ലൈസൻസും ബാഡ്ജും ഉണ്ടായിരിക്കണം. വാഹനത്തിന് സാധുവായ എല്ലാ രേഖകളും ഉണ്ടായിരിക്കണം.

13. ഡിപ്പോയിൽ നിന്നും കയറ്റി അയയ്ക്കുന്ന സാധനങ്ങൾക്ക് യാതൊരു കേടുപാടുകളും ഗുണനിലവാര വ്യത്യാസവും ഏൽക്കാതെ വിൽപ്പന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

മഴയിൽനിന്നും മറ്റു പ്രതികൂല കാലാവസ്ഥകളിൽ നിന്നും പൂർണ്ണമായ സംരക്ഷണം സാധനങ്ങൾക്ക് ലഭ്യമാക്കേണ്ടതാണ്. ഔട്ട്ലെറ്റുകളിൽ നിന്ന് തിരിച്ച് ഡിപ്പോയിലേക്ക് കയറ്റി അയക്കുന്ന ഭക്ഷ്യധാന്യങ്ങൾ ഉൾപ്പെടെയുള്ള മറ്റ് സാധനങ്ങൾക്കും മേൽ നിബന്ധനകൾ ബാധകമാണ്. ഭക്ഷ്യധാന്യങ്ങൾ ഒഴികെയുള്ള സാധനങ്ങൾ കയറ്റിയിറക്ക് നടത്തേണ്ടി വരുന്ന സാഹചര്യത്തിൽ ഡിപ്പോ മാനേജരുടെ നിർദ്ദേശപ്രകാരം മാത്രം പ്രവർത്തിക്കേണ്ടതാണ്.

14. ഭക്ഷ്യ സാധനങ്ങൾ ഔട്ട്ലെറ്റുകളിലേക്കും തിരിച്ചും കയറ്റി അയക്കുന്നതിന് മാവേലി-നോൺ മാവേലി കസ്റ്റോഡിയൻമാരുടെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

15. ഏതെങ്കിലും കാരണവശാൽ പോലീസ് അധികാരികളോ വാഹനവകുപ്പ് ഉദ്യോഗസ്ഥരോ വാഹനവുമായി ബന്ധപ്പെട്ട് ചുമത്തുന്ന പിഴ/ശിക്ഷയിൽ കോർപ്പറേഷന് യാതൊരു ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.

16. ടെൻഡർ ഉറപ്പിച്ചുകിട്ടുന്ന ആൾ നൽകിവരുന്ന വാഹനങ്ങൾക്ക് ഏതെങ്കിലും വിധത്തിലുള്ള അപകടം, ബ്രേക്ക്ഡൗൺ എന്നിവ സംഭവിക്കുകയോ റിപ്പയർ വേണ്ടി വരുകയോ ചെയ്യുന്ന പക്ഷം സ്വന്തം ഉത്തരവാദിത്വത്തിലും ചെലവിലും മറ്റൊരു വാഹനം ഉടൻ തന്നെ സജ്ജമാക്കി നൽകേണ്ടതാണ്. അല്ലാത്ത പക്ഷം ഡിപ്പോയിൽ നിന്നുള്ള ചരക്ക് നീക്കം സുഗമമാക്കാൻ പുറത്തു നിന്നും വാഹനം വിളിക്കേണ്ട സാഹചര്യത്തിൽ ആയതിന് വേണ്ടി വരുന്ന അധിക ചിലവ് ടെണ്ടർ ഉറപ്പിക്കുന്ന ആളുടെ നിരത ദ്രവ്യത്തിൽ നിന്നും ഈടാക്കുന്നതാണ്

17. കയറ്റികൊണ്ടുപോകുന്ന സാധന സാമഗ്രികൾക്ക് ഏതെങ്കിലും വിധത്തിൽ കുറവുകളോ ന്യൂനതകളോ നഷ്ടങ്ങളോ ഉണ്ടായാൽ ആയതിനുള്ള പൂർണ്ണ ഉത്തരവാദിത്വം വാഹന ഉടമയ്ക്കായിരിക്കുന്നതും ടി നഷ്ടം /കുറവ് വസൂലാക്കാൻ എല്ലാ നടപടികളും എടുക്കുന്നതിനും കോർപ്പറേഷന് അധികാരമുണ്ടായിരിക്കും.

18. വാഹനം കൃത്യമായി ലഭ്യമാക്കാതിരിക്കുകയോ നിരുത്തരവാദിത്വപരമായി പെരുമാറുകയോ ചെയ്യുന്ന കരാറുകാരൻെറ കോൺട്രാക്റ്റ് ഒരറിയിപ്പ് കൂടാതെ തന്നെ അവസാനിപ്പിക്കുന്നതിന് ഡിപ്പോ മാനേജർക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

19. കരാറുകാരന് രണ്ടു വാഹനങ്ങളെങ്കിലും സ്വന്തമായി ഉണ്ടായിരിക്കേണ്ടതും ആയതിന്റെ രേഖകൾ സമർപ്പിക്കേണ്ടതുമാണ്. മറ്റു വാഹനങ്ങളുടെ ഉടമസ്ഥരിൽ നിന്നും സമ്മതപത്രവും ഹാജരാക്കേണ്ടതാണ്.

20. മേൽപറഞ്ഞ നിബന്ധനകൾ/കരാർ വ്യവസ്ഥകൾ മുന്നറിയിപ്പ് കൂടാതെ തന്നെ മാറ്റുന്നതിനോ നിബന്ധനകൾ പുതുതായി ഉൾപ്പെടുത്തുന്നതിനോ ഡിപ്പോ മാനേജർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

ഡിപ്പോ മാനേജർ

**Signed by Sajeev Paul**
**Date: 12-06-2025 13:45:04**

താലൂക്ക് ഡിപ്പോ, പെരുമ്പാവൂർ

**Kerala State Civil Supplies Corporation Ltd**

**Tender for Contract Vehicles**

Name and Address of the Tenderer

Phone No

| QUOTATION FOR HIRING VEHICLE | | | | | | |
|---|---|---|---|---|---|---|
| **SL. NO** | **PARTICULARS** | **VEHICLE (1 Ton)** | **VEHICLE (3.5 Ton)** | **VEHICLE (3.5 Ton)** | **VEHICLE (6.5 Ton)** | **VEHICLE (6.5 Ton)** |
| 1 | Type of Vehicle | | | | | |
| 2 | Model of vehicle, year etc | | | | | |
| 3 | Hire charges of vechile upto a distance of 800 kms | | | | | |
| 4 | Additional minimum rate required/km, after 800 kms | | | | | |
| 5 | Minimum Rent (To and Fro 20 Km) | | | | | |
| | EMD Details (DD No. & Date) | | | | | |

Date : Name & Signature :

Signed by Sajeev Paul
Date: 12-06-2025 13:46:41